**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 718** **06-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ്; സ്റ്റേഷനുകളുടെ വിശദാംശങ്ങൾ സഹിതം അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന 6 പോസ്റ്റുകളിലാണ് വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.<br>1. അയഞ്ചേരി നാവോലം കോരൻ<br>2. അയഞ്ചേരി തെരുവ്<br>3. തീക്കുനി<br>4. അരൂർ<br>5. ചെരപ്പുരം<br>6. കക്കാട് ടൗൺ |
| (ബി) | ഇത്തരത്തിൽ സ്ഥാപിക്കുന്ന ചാർജിംഗ് സ്റ്റേഷനുകളിൽ ഒരേ സമയം എത്ര വാഹനങ്ങൾക്ക് ചാർജ് ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | (ബി) | ഒരു സമയം ഒരു വാഹനം ചാർജ്ജ് ചെയ്യാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമാണ് ഇപ്പോൾ ഉള്ളത്. |
| (സി) | വർദ്ധിച്ച് വരുന്ന ഇലക്ട്രിക് വാഹന ഉപഭോഗം കണക്കിലെടുത്ത് കുറ്റ്യാടി മണ്ഡലത്തിൽ കൂടുതൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിവരം നൽകുമോ? | (സി) | കെഎസ്ഇബിഎൽ ന്റെ പദ്ധതി പ്രകാരം അടുത്ത ഘട്ടത്തിൽ പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി രൂപീകരണം നടന്നു വരുന്നു. അനെർട്ടിന്റെ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ ദേശീയ പാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ